പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3052 22.02.2016 - ൽ മറുപടിയ്ക്ക്

## രോഗികൾക്ക് സൗജന്യ ഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് സൗജന്യമായി ഭക്ഷണം നൽകാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന "വിശപ്പുരഹിത നഗരം പദ്ധതി" കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രകളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽ പെടുകയുണ്ടായിട്ടുണ്ട്. ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | വിശപ്പുരഹിതനഗരം പദ്ധതി കോഴിക്കോട് നഗരത്തിൽ 26.01.2009 മുതലും മലപ്പുറം നഗരത്തിൽ 23.11.2012 മുതലും കൊല്ലം നഗരത്തിൽ 01.01.2013 മുതലും തിരുവനന്തപുരം നഗരത്തിൽ 30.04.2013 മുതലും നടപ്പാക്കി വരുന്നു. കോഴിക്കോട് 2500 പേർക്കും മലപ്പുറത്ത് 500 പേർക്കും കൊല്ലത്ത് 1000 പേർക്കും തിരുവനന്തപുരത്ത് 2000 പേർക്കും നൽകുന്നതുൾപ്പെടെ ആകെ 6000 പേർക്ക് പ്രതിദിനം ഭക്ഷണം നൽകി വരുന്നു.<br>തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ വിശപ്പുരഹിതനഗരം പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | ഭക്ഷണം വിതരണം ചെയ്യുന്നതിന് ടെണ്ടർ നടപടികളിലൂടെ ഏജൻസികളെ കണ്ടെത്തി നിയോഗിച്ചിട്ടുണ്ട്. മലപ്പുറം, കൊല്ലം നഗരങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ഏജൻസികളെ കണ്ടെത്തിയിരിക്കുന്നത് ബന്ധപ്പെട്ട കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളാണ്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് കേരള സാമൂഹ്യ സുരക്ഷാ മിഷനും കൊല്ലം, മലപ്പുറം നഗരങ്ങളിൽ പദ്ധതി ചെലവിന്റെ 50% കേരള സാമൂഹ്യ സുരക്ഷാ മിഷനും 50% ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനും വഹിച്ചു വരുന്നു.<br>പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതരുമായും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമായും അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അർഹതയുള്ള എല്ലാപേർക്കും ഭക്ഷണം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് അതാതു ജില്ലകളിലെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം, ക്യാൻസർ സുരക്ഷ/താലോലം കൗൺസിലർമാർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**